## പതിനാലാം കേരള നിയമസഭ

# സബ്ജക്ട് കമ്മിറ്റി XI
# (2016-2018)

## ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും

## 2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ സംബന്ധിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ട്

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ (5)-ാം ഉപചട്ടപ്രകാരമുള്ളത്]

2018 ജൂൺ 19-ാം തീയതി സമർപ്പിച്ചത്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2018

പതിനാലാം കേരള നിയമസഭ

# സബ്ജക്ട് കമ്മിറ്റി XI
# (2016-2018)

## ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും

## 2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ സംബന്ധിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ട്

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ (5)-ാം ഉപചട്ടപ്രകാരമുള്ളത് ]

1235/2018.

# ഉള്ളടക്കം

| | | |
|---|---|---|
| | | പേജ് |
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# സബ്ജക്ട് കമ്മിറ്റി XI
## (ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും)
## (2016-2018)

### ഘടന

<u>ചെയർമാൻ</u> :

ശ്രീ. കടകംപള്ളി സുരേന്ദ്രൻ,
സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി.

<u>എക്സ്-ഒഫീഷ്യോ അംഗം</u>:

ശ്രീ. പി. തിലോത്തമൻ,
ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി.

<u>അംഗങ്ങൾ</u> :

ശ്രീ. അബ്ദുൽ ഹമീദ്. പി.
ശ്രീ. അനൂപ് ജേക്കബ്
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ
ശ്രീ. ജോർജ് എം. തോമസ്
ശ്രീ. പി. സി. ജോർജ്
ശ്രീ. വി. ജോയി
ശ്രീ. മുഹമ്മദ് മുഹസിൻ പി.
ശ്രീ. മുരളി പെരുനെല്ലി

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. വി.കെ. ബാബുപ്രകാശ്, സെക്രട്ടറി
ശ്രീമതി ജി. സുമകുമാരി, സ്പെഷ്യൽ സെക്രട്ടറി
ശ്രീ. ബി. റെജി, ഡെപ്യൂട്ടി സെക്രട്ടറി
ശ്രീ. വി. ജി. റിജു, അണ്ടർ സെക്രട്ടറി.

# അവതാരിക

ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI- ന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ സംബന്ധിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ട് സബ്ജക്ട് കമ്മിറ്റി XI-ന്റെ ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

സബ്ജക്ട് കമ്മിറ്റി XI-ന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളാണ് ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

ഈ റിപ്പോർട്ട് 2018 ജൂൺ 11-ാം തീയതി ചേർന്ന യോഗത്തിൽ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

കടകംപള്ളി സുരേന്ദ്രൻ,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി XI.*

തിരുവനന്തപുരം,
2018 ജൂൺ 11.

# റിപ്പോർട്ട്

## സഹകരണ വകുപ്പ്

## ധനാഭ്യർത്ഥന XXVII-സഹകരണം

ഖണ്ഡിക നമ്പർ 1

2425-00-003-88—സഹകരണ വകുപ്പിലെ പരിശീലനത്തിന് സഹായം

സഹകരണ വകുപ്പിലെ ഓഫീസർമാർക്ക് സഹകരണ മേഖലയിലെ ആധുനിക മാനേജ്മെന്റ് സാങ്കേതിക വിദ്യകൾ, ഇ-ഗവേണൻസ് തുടങ്ങിയ വിഷയങ്ങളിൽ സംസ്ഥാനത്തിന് അകത്തും പുറത്തുമുള്ള സ്ഥാപനങ്ങളിൽ പരിശീലനം നൽകുന്നതിന് നിലവിൽ വകയിരുത്തിയിട്ടുള്ളതിനേക്കാൾ കൂടുതൽ തുക ആവശ്യമുള്ളതിനാൽ ഈ ശീർഷകത്തിൽ 5 ലക്ഷം രൂപകൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

വിഭവ ദൗർലഭ്യംമൂലം അധിക തുക അനുവദിക്കാൻ കഴിഞ്ഞില്ല.

(സഹകരണ ബി വകുപ്പിന്റെ 11-6-2018-ലെ Co-Op-B3/1596/2018-Co-Op നമ്പർ കത്ത്)

ഖണ്ഡിക നമ്പർ 2

2425-00-003-89-04—(1)സഹകരണ മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടുകൾ മുതലായവയ്ക്കുള്ള സഹായം—യാത്രാചെലവുകൾ—യാത്രാബത്ത

അംഗീകൃത പരിശീലന സ്ഥാപനങ്ങളിൽ പരിശീലനത്തിന് പങ്കെടുക്കുന്ന സഹകരണ വകുപ്പ് ഉദ്യോഗസ്ഥർക്ക് യാത്രാബത്ത നൽകുന്നതിന് നിലവിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 11 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

വിഭവ ദൗർലഭ്യം മൂലം അധിക തുക അനുവദിക്കാൻ കഴിഞ്ഞില്ല.

(സഹകരണ ബി വകുപ്പിന്റെ 11-6-2018-ലെ Co-Op-B3/1596/2018-Co-Op നമ്പർ കത്ത്)

ഖണ്ഡിക നമ്പർ 3

2425-00-003-89-31—സഹകരണ മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടുകൾ മുതലായവയ്ക്കുള്ള സഹായം—സഹായ ധനം—ശമ്പളം

ദേശീയ സഹകരണ യൂണിയനുമായി ചേർന്ന് തയ്യാറാക്കിയ ഉടമ്പടി അനുസരിച്ച് കണ്ണൂർ സഹകരണ മാനേജ്മെന്റ് സ്ഥാപനത്തിനാവശ്യമായ പ്രവർത്തന ചെലവിന്റെ 50%

വഹിക്കുന്നതിനും തിരുവനന്തപുരം സഹകരണ മാനേജ്മെന്റ് സ്ഥാപനത്തിലെ പരിശീലന പരിപാടികൾ, സെമിനാറുകൾ എന്നിവയുടെ നടത്തിപ്പിനും, കേരള സംസ്ഥാന സഹകരണ യൂണിയനിലെ അംഗങ്ങൾക്കുവേണ്ടിയുള്ള വിദ്യാഭ്യാസ പരിപാടിയുടെ ചെലവിനുമായി നിലവിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 79 ലക്ഷം രൂപ കൂടി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

വിഭവ ദൗർലഭ്യംമൂലം അധിക തുക അനുവദിക്കാൻ കഴിഞ്ഞില്ല

(സഹകരണ ബി വകുപ്പിന്റെ 11-6-2018-ലെ Co-Op-B3/1596/2018-Co-Op നമ്പർ കത്ത്)

<u>ഖണ്ഡിക നമ്പർ 4</u>

2425-00-004-97—<u>ജില്ലാ സഹകരണ ബാങ്കുകളെയും സംസ്ഥാന സഹകരണ ബാങ്കുകളെയും ഒറ്റബാങ്കായി ലയിപ്പിക്കുന്നത് സംബന്ധിച്ച പഠനം നടത്തുന്ന കമ്മിറ്റിക്കുള്ള സഹായം</u>

കേരള സംസ്ഥാന സഹകരണ ബാങ്കും 14 ജില്ലാ സഹകരണ ബാങ്കുകളും സംയോജിപ്പിച്ച് "കേരള സഹകരണ ബാങ്ക്" രൂപീകരിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾക്കായി വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 39 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

കേരള സംസ്ഥാന സഹകരണ ബാങ്കും 14 ജില്ലാ സഹകരണ ബാങ്കുകളും സംയോജിപ്പിച്ച് "കേരള സഹകരണ ബാങ്ക്" രൂപീകരിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾക്കായി 2017-18-ലെ ബഡ്ജറ്റ് വിഹിതമായ ഒരു ലക്ഷം രൂപയ്ക്കു പുറമെ 2-8-2017-ലെ സ.ഉ.(സാധാ.) 6103/2017/സഹ. നമ്പർ ഉത്തരവ് പ്രകാരം കേരള സഹകരണ ബാങ്ക് രൂപീകരണത്തിനുള്ള ടാസ്ക് ഫോഴ്സിന്റെ ചെലവുകൾക്കായി ഒരു കോടി രൂപ 2425-004-97(നോൺ പ്ലാൻ) ശീർഷകത്തിൽ അഡീഷണൽ ഓതറൈസേഷൻ മുഖേന അനുവദിച്ചു നൽകിയിട്ടുണ്ട്.

(സഹകരണ ബി വകുപ്പിന്റെ 11-6-2018-ലെ Co-Op-B3/1596/2018-Co-Op നമ്പർ കത്ത്)

<u>ഖണ്ഡിക നമ്പർ 5</u>

2425-00-107-72-33—<u>ഉത്തേജന പലിശ ഇളവ് പദ്ധതി</u>

2011-2012 സാമ്പത്തിക വർഷം മുതൽ കൃത്യമായി കാർഷിക വായ്പ തിരിച്ചടയ്ക്കുന്നവർക്ക് പലിശ സബ്സിഡി നൽകുന്നതിനായി 32 കോടി രൂപ വകയിരുത്തുന്നതാണെന്ന് പ്രഖ്യാപിച്ചിരുന്നുവെങ്കിലും 2017-18-ലെ ബഡ്ജറ്റ്

വിഹിതമുൾപ്പെടെ നാളിതുവരെ 8 കോടി രൂപ മാത്രമാണ് അനുവദിച്ചതെന്ന് സമിതി മനസ്സിലാക്കുന്നു. തുടർ പദ്ധതിയായതിനാൽ ഈ ഇനത്തിൽ 24 കോടി രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

അതതു സാമ്പത്തിക വർഷങ്ങളിൽ ആവശ്യമായ തുക അനുവദിച്ചിട്ടുണ്ട്. 2011-2012-ലെ പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ തുക അനുവദിക്കാൻ കഴിഞ്ഞിട്ടില്ല.

(സഹകരണ ബി വകുപ്പിന്റെ 11-6-2018-ലെ Co-Op-B3/1596/2018-Co-Op നമ്പർ കത്ത്)

<u>ഖണ്ഡിക നമ്പർ 6</u>

2425-00-108-42—<u>പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ വികസനത്തിനുള്ള സഹായം</u>

പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങളിൽ നിലവിലുള്ള പദ്ധതികൾക്കു പുറമെ പുതിയ പദ്ധതികളായ പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ആരോഗ്യ പരിപാലനത്തിനായി സഹകരണ ആശുപത്രിയുമായി ചേർന്ന് നടപ്പിലാക്കുന്ന സമഗ്ര ആരോഗ്യ സംരക്ഷണ പദ്ധതിക്കും കേരള എസ്.സി./എസ്.ടി. ഫെഡറേഷന്റെ കീഴിൽ തൃശ്ശൂരിൽ പ്രവർത്തിക്കുന്ന ആയുർധാര ഉത്പാദന യൂണിറ്റിൽ പേറ്റന്റ് ലഭിച്ച മരുന്നുകൾ ഉൾപ്പെടെയുള്ള മരുന്നുകളുടെ ഉല്പാദനത്തിനായും സഹായധനം ഉറപ്പാക്കേണ്ടതുണ്ട്. കൂടാതെ ലാഭത്തിൽ പ്രവർത്തിച്ചുവരുന്ന എസ്.സി./എസ്.ടി. സംഘങ്ങൾക്ക് പ്രധാന പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള ധനസഹായം അനുവദിക്കേണ്ടതുമുണ്ട്. എന്നാൽ ഇതിനായി നിലവിൽ വകയിരുത്തിയിട്ടുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകങ്ങളിലായി യഥാക്രമം 6.7 കോടി രൂപയും 1.78 കോടി രൂപയും കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

ഈ പദ്ധതി പ്രകാരം സബ്സിഡി ഇനത്തിൽ 2425-108-42 ശീർഷകത്തിൽ വകയിരുത്തിയിരുന്ന 9,48,00,000 രൂപയും 31-3-2018-ലെ 3097/18/ധന. നമ്പർ ഉത്തരവ് പ്രകാരം അഡീഷണൽ ഓതറൈസേഷൻ മുഖേന ലഭിച്ച 1,59,42,000 രൂപയും ഉൾപ്പെടെ ആകെ 11,08,00,000 രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. ഓഹരി ഇനത്തിൽ 4425-108-34 ശീർഷകത്തിൽ വകയിരുത്തിയിരുന്ന 2,52,00,000 രൂപയും 31-3-2018-ലെ 3051/18/ധന. നമ്പർ ഉത്തരവ് പ്രകാരം അഡീഷണൽ ഓതറൈസേഷൻ മുഖേന ലഭിച്ച 29,23,000 രൂപയും ഉൾപ്പെടെ ആകെ 2,81,23,000 രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.

(സഹകരണ ബി വകുപ്പിന്റെ 11-6-2018-ലെ Co-Op-B3/1596/2018-Co-Op നമ്പർ കത്ത്)

ഖണ്ഡിക നമ്പർ 7

2425-00-108-47—പ്രൊഫഷണൽ എഡ്യൂക്കേഷനുവേണ്ടിയുള്ള സഹകരണ അക്കാഡമിക്കുള്ള ധനസഹായം

പ്രൊഫഷണൽ വിദ്യാഭ്യാസ സഹകരണ അക്കാഡമിയുടെ കീഴിലുള്ള മുട്ടത്തറ എഞ്ചിനീയറിംഗ് കോളേജിൽ അക്കാഡമിക്ക് ബ്ലോക്ക് 3, ലേഡീസ് ഹോസ്റ്റൽ, ആറന്മുള എഞ്ചിനീയറിംഗ് കോളേജിൽ ലേഡീസ് ഹോസ്റ്റൽ, അക്കാഡമിക്ക് അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കുകളുടെ വൈദ്യുതീകരിക്കൽ, കിടങ്ങൂർ എഞ്ചിനീയറിംഗ് കോളേജിൽ ലേഡീസ് ഹോസ്റ്റൽ, വടകര എഞ്ചിനീയറിംഗ് കോളേജിൽ ലേഡീസ് ഹോസ്റ്റൽ, എം.സി.എ. കെട്ടിടം എന്നിവയുടെ വൈദ്യുതീകരിക്കൽ, തലശ്ശേരി എഞ്ചിനീയറിംഗ് കോളേജിൽ ഡിപ്പാർട്ട്മെന്റ് ബ്ലോക്ക് 5-ന്റെ വൈദ്യുതീകരിക്കൽ എന്നിവയ്ക്ക് ധനസഹായം നൽകുന്നതിനായി നിലവിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 15 കോടി രൂപ കൂടി ഈയിനത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

കേപ്പിന്റെ വികസന പ്രവർത്തനങ്ങൾക്ക് പ്രൊഫഷണൽ എഡ്യൂക്കേഷൻ ഫണ്ട് തുക അനുവദിച്ചിരുന്നു.

(സഹകരണ ബി വകുപ്പിന്റെ 11-6-2018-ലെ Co-Op-B3/1596/2018-Co-Op നമ്പർ കത്ത്)

ഖണ്ഡിക നമ്പർ 8

2017-18 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് പൊതുചർച്ചയുള്ള മറുപടി പ്രസംഗത്തിൽ CAPE-ന് കീഴിൽ പ്രവർത്തിക്കുന്ന പുന്നപ്ര സാഗര ആശുപത്രിയുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക് 2 കോടി രൂപ അനുവദിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുള്ള പശ്ചാത്തലത്തിൽ കാത്ത് ലാബ് ഉൾപ്പെടെയുള്ള മികച്ച ഇൻഫ്രാസ്ട്രക്ചർ ഫെസിലിറ്റികൾ ഏർപ്പെടുത്തിയിട്ടുള്ള ഈ ആശുപത്രിയുടെ പ്രവർത്തനം മെച്ചപ്പെടുത്തേണ്ടത് അനിവാര്യമാണെന്ന് സമിതി വിലയിരുത്തി. ആയതിനാൽ 2 കോടി രൂപ പദ്ധതിയിനത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2017-18 സാമ്പത്തിക വർഷത്തെ ഒന്നാം ഉപധനാഭ്യർത്ഥനയിൽ 2425-108-47-34 (നോൺ പ്ലാൻ) ശീർഷകത്തിൽ 2 കോടി രൂപ വകയിരുത്തിയിരുന്നു. ആയത് അനുവദിച്ച് നൽകിയിട്ടുണ്ട്.

(സഹകരണ ബി വകുപ്പിന്റെ 11-6-2018-ലെ Co-Op-B3/1596/2018-Co-Op നമ്പർ കത്ത്)

ഖണ്ഡിക നമ്പർ 9

2425-00-108-47-(31)—പ്രൊഫഷണൽ എഡ്യൂക്കേഷനുവേണ്ടിയുള്ള സഹകരണ അക്കാഡമിക്കുള്ള ധനസഹായം (CAPE)

കേപ്പിന് ധനസഹായം നൽകുന്നതിനായി സഹകരണ സ്ഥാപനങ്ങളിൽ നിന്നും ട്രഷറി ഫിക്സഡ് ഡെപ്പോസിറ്റ് പദ്ധതി നിക്ഷേപം നടത്തുന്നതിനും പ്രസ്തുത നിക്ഷേപ തുകയുടെ 25% ഗ്രാന്റായി കേപ്പിന് സർക്കാർ നൽകുന്നതിനും വ്യവസ്ഥയുണ്ടായിരുന്നു. ഈ വ്യവസ്ഥ പ്രകാരം കേപ്പിന് ബാക്കി നൽകാനുണ്ടായിരുന്ന 26.1304 കോടി രൂപയിൽ 2017-18-ലെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള 4.0348 കോടി രൂപ കഴിച്ച് ബാക്കി തുകയായ 22.0956 കോടി രൂപ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

നിർദ്ദേശങ്ങൾ ഗവൺമെന്റ് വിശദമായി പരിശോധിച്ച് വരികയാണ്.

(സഹകരണ ബി വകുപ്പിന്റെ 11-6-2018-ലെ Co-Op-B3/1596/2018-Co-Op നമ്പർ കത്ത്)

ഖണ്ഡിക നമ്പർ 10

2425-00-108-45—ഉപഭോക്തൃ സഹകരണ സംഘങ്ങൾക്കും നീതി സ്റ്റോറുകൾക്കും സഹായം

തെരഞ്ഞെടുക്കപ്പെട്ട സ്കൂൾ, കോളേജ് സഹകരണ സംഘങ്ങളെ അതത് സ്ഥലത്തെ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളുടെയും ജില്ലാ സഹകരണ ബാങ്കുകളുടെയും മേൽനോട്ടത്തിൽ പുനരുജ്ജീവിപ്പിക്കുക, പ്രാഥമിക സഹകരണ സംഘങ്ങൾ/കൺസ്യൂമർഫെഡ് എന്നിവ മുഖേന കൂടുതൽ നീതി സ്റ്റോറുകൾ/നീതി മെഡിക്കൽ സ്റ്റോറുകൾ എന്നിവ തുടങ്ങുവാൻ സഹായം നൽകുക എന്നീ രണ്ട് പുതിയ പദ്ധതികൾക്കുകൂടി നിലവിലുള്ള പദ്ധതികൾക്ക് പുറമെ ധനസഹായം അനുവദിക്കേണ്ടതുള്ളതിനാൽ കൂടുതൽ തുക ആവശ്യമാണെന്ന് സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ സബ്സിഡി, ഷെയർ, വായ്പ എന്നീ ശീർഷകങ്ങളിലായി ആകെ 45 ലക്ഷം രൂപ കൂടി നിലവിലുള്ള വിഹിതത്തിനു പുറമെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ടി പദ്ധതിക്കായി 2017-18 സാമ്പത്തിക വർഷം 65,38,775 രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.

(സഹകരണ ബി വകുപ്പിന്റെ 11-6-2018-ലെ Co-Op-B3/1596/2018-Co-Op നമ്പർ കത്ത്)

<u>ഖണ്ഡിക നമ്പർ 11</u>

2425-00-108-80-33—<u>ഉത്സവ ചന്തകൾ സംഘടിപ്പിക്കുന്നതിന് സഹകരണ സംഘങ്ങൾക്കുള്ള സഹായധനം</u>

2017-18 സാമ്പത്തിക വർഷത്തിൽ പൊതു കമ്പോളത്തിൽ ഫലപ്രദമായി ഇടപെടുന്നതിനുള്ള സഹായധനമായി കൺസ്യൂമർ ഫെഡറേഷന് 150 കോടി രൂപ വകയിരുത്തുന്നതായി ബഡ്ജറ്റ് അവതരണവേളയിൽ പ്രഖ്യാപിച്ചിട്ടുണ്ട്. കമ്പോളത്തിൽ അടിക്കടിയുണ്ടാകുന്ന വിലക്കയറ്റം ഒരു പരിധിവരെയെങ്കിലും പിടിച്ചുനിർത്തുന്നതിന് സഹകരണ മേഖലയുടെ ഇടപെടൽ വളരെ അനിവാര്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഉത്സവച്ചന്തകൾ സംഘടിപ്പിക്കുന്നതിന് സഹകരണ സംഘങ്ങൾക്കുള്ള ധനസഹായമിനത്തിൽ 60 കോടി രൂപ വകയിരുത്തിയതിനുപുറമെ കൺസ്യൂമർ ഫെഡറേഷന് പൊതുകമ്പോളത്തിൽ ഫലപ്രദമായി ഇടപെടുന്നതിനായി 150 കോടി രൂപ കൂടി ഈ സാമ്പത്തിക വർഷം അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2017-18 സാമ്പത്തിക വർഷത്തിൽ പൊതു കമ്പോളത്തിൽ ഫലപ്രദമായി ഇടപെടുന്നതിനുള്ള ധനസഹായമായി കൺസ്യൂമർ ഫെഡറേഷന് 2017-18-ലെ ഉപധനാഭ്യർത്ഥനയിൽ 2425-108-80-33 (നോൺ പ്ലാൻ) ശീർഷകത്തിൽ 90 കോടി രൂപ വകയിരുത്തിയിരുന്നു. ഇതിൽ ഓണച്ചന്ത, ക്രിസ്തുമസ് ചന്ത എന്നിവ നടത്തുന്നതിന് ആവശ്യമായ തുക അനുവദിച്ചു. കൂടാതെ കൺസ്യൂമർ ഫെഡിന് ബാക്കി നൽകേണ്ടിയിരുന്ന തുകയും അനുവദിച്ചിട്ടുണ്ട്. വർഷം മുഴുവൻ സബ്സിഡി നൽകണമെന്ന നിർദ്ദേശം പരിശോധിച്ചു വരുന്നു.

(സഹകരണ ബി വകുപ്പിന്റെ 11-6-2018-ലെ Co-Op-B3/1596/2018-Co-Op നമ്പർ കത്ത്)

<u>ഖണ്ഡിക നമ്പർ 12</u>

4425-00-108-73—<u>പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളുടെ സംയോജിത വികസനം</u>

6425-00-108-74—<u>സംയോജിത സഹകരണ വികസന പദ്ധതി (എൻ.സി.ഡി.സി. സഹായം)</u>

ദേശീയ സഹകരണ വികസന കോർപ്പറേഷന്റെ സഹായത്തോടെയുള്ള സംയോജിത സഹകരണ വികസന പദ്ധതി (ഐ.സി.ഡി.പി.)യുടെ തൃശ്ശൂർ, പാലക്കാട് ജില്ലകളിലെ രണ്ടാം ഘട്ട പ്രവർത്തനങ്ങൾക്കായി നിലവിലുള്ള വിഹിതം

അപര്യാപ്തമായതിനാൽ ഓഹരി, വായ്പ ശീർഷകങ്ങളിലായി 13.25 കോടി രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പ്രവർത്തന പുരോഗതി വിലയിരുത്തുന്നതിന് ആവശ്യമായ തുക അനുവദിച്ചിട്ടുണ്ട്.

(സഹകരണ ബി വകുപ്പിന്റെ 11-6-2018-ലെ Co-Op-B3/1596/2018-Co-Op നമ്പർ കത്ത്)

ഖണ്ഡിക നമ്പർ 13

4425-11-107-85—സംസ്ഥാന സഹകരണ ബാങ്കിന്റെയും ജില്ലാ സഹകരണ ബാങ്കുകളുടെയും മൂലധന പര്യാപ്തത നിശ്ചിത ശതമാനം പാലിക്കുന്നതിനായി സർക്കാർ ധനസഹായം

സംസ്ഥാന സഹകരണ ബാങ്കിന്റെയും ജില്ലാ സഹകരണ ബാങ്കുകളുടെയും മൂലധന പര്യാപ്തത നിശ്ചിത ശതമാനം പാലിക്കുന്നതിനായി സർക്കാർ അനുവദിച്ച ധനസഹായ തുക നൽകുന്നതിന് തത്തുല്യമായ നിക്ഷേപം സഹകരണ ബാങ്കുകൾ ട്രഷറിയിൽ നിക്ഷേപിക്കണമെന്നുള്ള സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സഹകരണ ബാങ്കുകൾ 199.5 കോടി രൂപ ട്രഷറിയിൽ നിക്ഷേപിച്ചിരുന്നു. ഇതിൽ 106.399 കോടി രൂപ മാത്രമാണ് സർക്കാർ പിൻവലിച്ച് നൽകിയിട്ടുള്ളത്. ബാക്കി അനുവദിക്കാനുള്ള 93.101 കോടി രൂപയിൽ ജില്ലാ സഹകരണ ബാങ്കിന്റെ വിഹിതമായി 23.101 കോടി രൂപയും സംസ്ഥാന സഹകരണ ബാങ്കിന്റെ വിഹിതമായി 70 കോടി രൂപയുമുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ഇനത്തിൽ ജില്ലാ സഹകരണ ബാങ്കിന് നൽകുന്നതിന് ബാക്കിയുള്ള 23.101 കോടി രൂപയും 5 ജില്ലാ സഹകരണ ബാങ്കുകൾക്ക് ധനസഹായം അനുവദിക്കുന്നതിനായി 254 കോടി രൂപയും ഉൾപ്പെടെ ആകെ 277.101 കോടി രൂപ 4425-107-85 എന്ന ശീർഷകത്തിലും സംസ്ഥാന സഹകരണ ബാങ്കിന് നൽകുന്നതിന് ബാക്കിയുള്ള 70 കോടി രൂപ 4425-107-86 എന്ന ശീർഷകത്തിലും വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

നിർദ്ദേശം പരിശോധിച്ച് വരുന്നു.

(സഹകരണ ബി വകുപ്പിന്റെ 11-6-2018-ലെ Co-Op-B3/1596/2018-Co-Op നമ്പർ കത്ത്)

ഖണ്ഡിക നമ്പർ 14

4425-00-108-68—മറ്റ് വിഭാഗത്തിൽപ്പെടുന്ന പലവക സഹകരണ സ്ഥാപനങ്ങൾക്കുള്ള സഹായം

വനിതാ സഹകരണ സംഘങ്ങൾ വിദ്യാഭ്യാസ സഹകരണ സംഘങ്ങൾ, പലവക സഹകരണ സംഘങ്ങൾ എന്നിവയും, കേരളത്തിലുടനീളം വിപുലമായ ശൃംഖലയുള്ളതും നല്ല നിലയിൽ പ്രവർത്തിക്കുന്നതുമായ സഹകരണ സംഘങ്ങളിൽ കൂടി വിനോദസഞ്ചാരം പ്രോത്സാഹിപ്പിക്കുന്നതിനും സഹകരണ മേഖലയിലുള്ള എല്ലാ താലൂക്ക് ജില്ലാ ആശുപത്രികളിലും മെഡിക്കൽ ലബോറട്ടറീസ്/ബ്ലഡ് ബാങ്ക് എന്നിവ ആരംഭിക്കുന്നതിനും ഓഹരി മൂലധന സഹായം അനുവദിക്കുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ബഡ്ജറ്റ് വിഹിതത്തിനു പുറമേ 60 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നു.

## സ്വീകരിച്ച നടപടി

ഈ പദ്ധതികൾക്ക് ഓഹരിയിനത്തിൽ 4425-108-68 ശീർഷകത്തിലെ ബഡ്ജറ്റ് വിഹിതമായ 3 കോടി രൂപയ്ക്ക് പുറമെ സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ 24-3-2018-ലെ സ.ഉ.(സാധാ.) 2549/18/ധന. നമ്പർ ഉത്തരവ് പ്രകാരം 1.8406 കോടി രൂപ ടി ശീർഷകത്തിൽ ധന പുനർവിനിയോഗം വഴി സാഹിത്യ പ്രവർത്തക സഹകരണ സംഘം. അത്തോളി സഹകരണ ആശുപത്രി, മണലൂർ സഹകരണ സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ, ഇ. എം. എസ്. മെമ്മോറിയൽ ഹോസ്പിറ്റൽ, കേരള കോ-ഓപ്പറേറ്റിവ് ഹോസ്പിറ്റൽ ഫെഡറേഷൻ എന്നീ സ്ഥാപനങ്ങളുടെ ഓഹരി മൂലധനമായി അനുവദിച്ച് നൽകിയിട്ടുണ്ട്.

(സഹകരണ ബി വകുപ്പിന്റെ 11-6-2018-ലെ Co-Op-B3/1596/2018-Co-Op നമ്പർ കത്ത്)

## ഖണ്ഡിക നമ്പർ 15

## പ്രാഥമിക സഹകരണ ബാങ്കുകളിൽ ഏകീകൃത സോഫ്റ്റ്വെയർ/കോർബാങ്കിംഗ് നടപ്പിലാക്കുന്നതിന് സഹായം (പ്ലാൻ)

2017-18 വർഷത്തെ കേന്ദ്ര ബഡ്ജറ്റിൽ പ്രാഥമിക സഹകരണ ബാങ്കുകളിൽ ഏകീകൃത സോഫ്റ്റ്വെയർ/കോർബാങ്കിംഗ് നടപ്പിലാക്കുന്നതിന് കേന്ദ്ര ബഡ്ജറ്റ് വിഹിതമായി 1900 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ പ്രാഥമിക സഹകരണ ബാങ്കുകൾക്ക് സംസ്ഥാന വിഹിതമായി 19.5 കോടി രൂപ ഇതിനായി വകയിരുത്തേണ്ടതുണ്ട്. 2017-18 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് പൊതുചർച്ചയുള്ള മറുപടി പ്രസംഗത്തിൽ 5 കോടി രൂപ ഈയിനത്തിൽ വകയിരുത്തുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. എന്നാൽ സംസ്ഥാനത്തെ പ്രാഥമിക സഹകരണ സംഘങ്ങളിൽ ഏകീകൃത സോഫ്റ്റ് വെയർ/കോർ ബാങ്കിംഗ് നടപ്പാക്കുന്നതിനായി 19.5 കോടി രൂപ 2017-18 സാമ്പത്തിക വർഷത്തിൽ ആവശ്യമായിട്ടുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പ്രാഥമിക സഹകരണ സംഘങ്ങളിൽ ഏകീകൃത സോഫ്റ്റ്വെയർ/കോർബാങ്കിംഗ് നടപ്പാക്കുന്നതിനായി പുതിയ ശീർഷകം അനുവദിച്ച് പദ്ധതിയിനത്തിൽ 19.5 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളെ ശക്തിപ്പെടുത്തുന്നതിനും കോർ ബാങ്കിംഗ് നടപ്പിലാക്കുന്നതിനുമായി 2017-18 സാമ്പത്തിക വർഷത്തിൽ 2425-107-66 ശീർഷകത്തിൽ 25 കോടി രൂപ വകയിരുത്തിയിരുന്നു. നടപടിക്രമങ്ങൾ പൂർത്തിയാകാത്തതിനാൽ തുക അനുവദിക്കാൻ കഴിഞ്ഞിട്ടില്ല.

(സഹകരണ ബി വകുപ്പിന്റെ 11-6-2018-ലെ Co-Op-B3/1596/2018-Co-Op നമ്പർ കത്ത്)

## ലീഗൽ മെട്രോളജി വകുപ്പ്

## ധനാഭ്യർത്ഥന നമ്പർ XXVIII—പലവക സാമ്പത്തിക സർവ്വീസുകൾ

ഖണ്ഡിക നമ്പർ 16

3475-00-106-99-05-03—അളവുകളുടെയും തൂക്കങ്ങളുടെയും ക്രമീകരണം—മെട്രിക് സമ്പ്രദായം നടപ്പാക്കൽ—ഓഫീസ് ചെലവുകൾ—ടെലഫോൺ ചെലവ്

ഇന്റർനെറ്റ്, ഫാക്സ്, ടെലഫോൺ എന്നിവയ്ക്ക് പുറമേ എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥർക്കും CUG SIM നൽകിയിട്ടുള്ളതിനാൽ എല്ലാ വർഷവും 5.02 ലക്ഷം രൂപ ഒടുക്കേണ്ടതുണ്ട്. ആയതിനാൽ നിലവിലെ ബഡ്ജറ്റ് വിഹിതത്തിനു പുറമെ 10 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

നടപ്പു വർഷം ബന്ധപ്പെട്ട ശീർഷകങ്ങളിൽ വകയിരുത്തിയിട്ടുള്ള തുക പൂർണ്ണമായും ചെലവഴിച്ച് തീർന്നശേഷം വിശദമായ ചെലവ് സ്റ്റേറ്റ്മെന്റ് സഹിതം അധിക തുകയ്ക്കുള്ള പ്രൊപ്പോസൽ സമർപ്പിക്കാൻ ധനകാര്യവകുപ്പ് നിർദ്ദേശിച്ചിരിക്കുകയാണ്.

(ഉപഭോക്തൃകാര്യ വകുപ്പിന്റെ 25-7-2017-ലെ സിഎ 2/78/2017/ഉ.കാ.വ., നമ്പർ കത്ത്)

ഖണ്ഡിക നമ്പർ 17

3475-00-106-99-06—അളവുകളുടെയും തൂക്കങ്ങളുടെയും ക്രമീകരണം—മെട്രിക് സമ്പ്രദായം നടപ്പാക്കൽ—വാടക, കരം, നികുതി

സ്വകാര്യ കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ലീഗൽ മെട്രോളജി വകുപ്പിന്റെ ആഫീസുകളുടെ പ്രതിമാസ വാടകയിനത്തിൽ മുൻ വർഷങ്ങളിലെ കടിശ്ശിക തുക നൽകുന്നതിനായി ഈ ശീർഷകത്തിൽ നിലവിലുള്ള വിഹിതത്തിനു പുറമെ 15 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

നടപ്പുവർഷം ബന്ധപ്പെട്ട ശീർഷകങ്ങളിൽ വകയിരുത്തിയിട്ടുള്ള തുക പൂർണ്ണമായും ചെലവഴിച്ച് തീർന്നശേഷം വിശദമായ ചെലവ് സ്റ്റേറ്റ്മെന്റ് സഹിതം അധിക തുകയ്ക്കുള്ള പ്രൊപ്പോസൽ സമർപ്പിക്കാൻ ധനകാര്യവകുപ്പ് നിർദ്ദേശിച്ചിരിക്കുകയാണ്.

(ഉപഭോക്തൃകാര്യ വകുപ്പിന്റെ 25-7-2017-ലെ സിഎ 2/78/2017/ഉ.കാ.വ., നമ്പർ കത്ത്)

<u>ഖണ്ഡിക നമ്പർ 18</u>

3475-00-106-99-26—<u>അളവുകളുടെയും തൂക്കങ്ങളുടെയും ക്രമീകരണം—മെട്രിക് സമ്പ്രദായം നടപ്പാക്കൽ—ഔദ്യോഗിക ഭാഷ പ്രയോഗം</u>

ലീഗൽ മെട്രോളജി വകുപ്പിൽ ഔദ്യോഗിക ഭാഷ നടപ്പിലാക്കുന്നതിന് ഒരു ജില്ലയ്ക്ക് 1000 രൂപ വീതം ചെലവ് പ്രതീക്ഷിക്കുന്നു. ആയതിന് നിലവിൽ അനുവദിച്ച ബഡ്ജറ്റ് വിഹിതത്തിനു പുറമെ 13,000 രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

നടപ്പു വർഷം ബന്ധപ്പെട്ട ശീർഷകങ്ങളിൽ വകയിരുത്തിയിട്ടുള്ള തുക പൂർണ്ണമായും ചെലവഴിച്ച് തീർന്നശേഷം വിശദമായ ചെലവ് സ്റ്റേറ്റ്മെന്റ് സഹിതം അധിക തുകയ്ക്കുള്ള പ്രൊപ്പോസൽ സമർപ്പിക്കാൻ ധനകാര്യവകുപ്പ് നിർദ്ദേശിക്കുകയാണ്.

(ഉപഭോക്തൃകാര്യ വകുപ്പിന്റെ 25-7-2017-ലെ സിഎ 2/78/2017/ഉ.കാ.വ., നമ്പർ കത്ത്)

**ധനാഭ്യർത്ഥന നമ്പർ XXX-ഭക്ഷ്യം**

<u>ഖണ്ഡിക നമ്പർ 19</u>

2408-01-004-99—<u>കൗൺസിൽ ഫോർ ഫുഡ് റിസർച്ച് ആന്റ് ഡെവലപ്മെന്റ്</u>

കേരളത്തിന്റെ തനത് ഭക്ഷ്യ ഇനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും അന്താരാഷ്ട്ര വിപണിയിൽ മത്സരിക്കാൻ തക്ക ഗുണനിലവാരം ഉറപ്പാക്കുന്നതിനുമായി സംസ്ഥാന സർക്കാർ പത്തനംതിട്ട ജില്ലയിലെ കോന്നി ആസ്ഥാനമാക്കി 2005-ൽ രൂപീകരിച്ച ഭക്ഷ്യഗവേഷണ വികസന കൗൺസിലിന്റെ സേവനം വിപുലീകരിക്കുന്നതിന്റെ ഭാഗമായി ഫുഡ് ബിസിനസ്സ് മാനേജ്മെന്റ് സ്കൂൾ സ്ഥാപിക്കുന്നതിനും സംരംഭകത്വ വികസനത്തിന്റെ ഭാഗമായി ഭക്ഷ്യ സുരക്ഷാ പരിശീലന പരിപാടിയും വാല്യു അഡീഷനും, പച്ചക്കറികളുടെയും പച്ചക്കറി ഇതര ഭക്ഷ്യ വസ്തുക്കളുടേയും ഭക്ഷ്യ സുരക്ഷാ സർവ്വേ നടത്തുന്നതിനും, കോന്നിയിൽ മൂല്യ വർദ്ധിത ഭക്ഷ്യവസ്തുക്കളുടെ കേന്ദ്രം സ്ഥാപിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾക്കായി നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 2.4 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

നിലവിലെ ബഡ്ജറ്റ് വിഹിതമായ 6.5 കോടി രൂപ ഈ സാമ്പത്തിക വർഷത്തെ സി. എഫ്. ആർ. ഡി. യുടെ പ്രവർത്തനങ്ങൾക്കായി ചെലവഴിച്ച ശേഷം കൂടുതൽ തുക ആവശ്യമായി വരുന്നപക്ഷം ഉപധനാഭ്യർത്ഥനയിൽ അനുവദിക്കുന്നതിന് ശിപാർശ സമർപ്പിക്കുന്നതാണ്.

(ഭക്ഷ്യപൊതുവിതരണ വകുപ്പിന്റെ 3-1-2018-ലെ 1490874/സി2/17/ഭ.സി.സ.വ., നമ്പർ കത്ത്)

ഖണ്ഡിക നമ്പർ 20

2408-01-101-98-33—റേഷൻ അരിയുടെയും ഗോതമ്പിന്റെയും വിലയിലുണ്ടായ അന്തരം ഫുഡ് കോർപ്പറേഷൻ മടക്കികൊടുക്കൽ—സബ്സിഡികൾ

2-3-2016-ലെ സർക്കാർ ഉത്തരവ് പ്രകാരം 2016 ഏപ്രിൽ മാസം മുതൽ എല്ലാ ബി.പി.എൽ., എ.എ.വൈ. കുടുംബങ്ങൾക്കും സൗജന്യമായി അരി നൽകി വരുന്നു. എഫ്. സി. ഐ. യും സപ്ലൈകോയും റേഷനരി സബ്സിഡി നിരക്കിൽ വിതരണം ചെയ്യുമ്പോൾ സബ്സിഡി നല്കുന്ന തുക സംസ്ഥാന സർക്കാർ എഫ്. സി. ഐ.-ക്കും സപ്ലൈകോയ്ക്കും നൽകേണ്ടതുണ്ട്. 2017 ഏപ്രിൽ മുതൽ വാതിൽപ്പടി വിതരണം സപ്ലൈകോയാണ് നടപ്പിൽ വരുത്തുന്നത്. ആയതിനാൽ ഇതിന്റെ ട്രാൻസ്പോർട്ടേഷൻ, സ്റ്റോറേജ് എന്നീ ഇനങ്ങളിലുള്ള ചെലവും വഹിക്കേണ്ടതുണ്ട്. ഈ സാമ്പത്തിക വർഷം സബ്സിഡി ഇനത്തിൽ എഫ്. സി. ഐ., സപ്ലൈകോ എന്നിവയ്ക്കു നല്കുന്നതിനായി 634.4 കോടി രൂപയും, റേഷൻ വ്യാപാരികൾക്ക് കമ്മീഷൻ നൽകുന്നതിനായി 275.23 കോടി രൂപയും, സംഭരണ ശാലകളുടെ വാടകയിനത്തിൽ 13.68 കോടി രൂപയും വാതിൽപ്പടി വിതരണവുമായി ബന്ധപ്പെട്ട ഗതാഗത ചെലവിനത്തിൽ 199.66 കോടി രൂപയും ഉൾപ്പെടെ ആകെ 1122.97 കോടി രൂപ വേണ്ടിവരും. എന്നാൽ നിലവിൽ ഈ ഇനത്തിൽ ബഡ്ജറ്റിൽ അനുവദിച്ചിട്ടുള്ള 730 കോടി രൂപ അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ നിലവിലെ വിഹിതത്തിനു പുറമെ 392.97 കോടി രൂപ അധികമായി ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പ്രസ്തുത ശീർഷകത്തിൽ 392.97 കോടി രൂപ അധികമായി അനുവദിക്കണമെന്ന ശിപാർശ 2017-18 സാമ്പത്തിക വർഷത്തെ ഒന്നാം വട്ട ഉപധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്തി സമർപ്പിക്കുകയും മേയ് 2017-ലെ ഒന്നാം വട്ട ഉപധനാഭ്യർത്ഥന മുഖാന്തിരം ഈ ശീർഷകത്തിൽ 170 കോടി രൂപ കൂടി അധികമായി അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

(ഭക്ഷ്യപൊതുവിതരണ വകുപ്പിന്റെ 7-7-2017-ലെ 54/ഡി2//2017/ഭ.പൊ.വി.വ., നമ്പർ കത്ത്)

ഖണ്ഡിക നമ്പർ 21

2408-01-101-96-33—കേരള സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷനും മറ്റ് ഏജൻസികളും വഴി നെല്ല് സംഭരിക്കൽ—സബ്സിഡികൾ

സപ്ലൈകോ നിർവ്വഹണ ഏജൻസിയായി പ്രവർത്തിച്ചുകൊണ്ട് കേരളത്തിലെ നെൽ കർഷകർ ഉത്പാദിപ്പിക്കുന്ന നെല്ല് നിശ്ചിത ഗുണമേന്മാ മാനദണ്ഡങ്ങൾക്കനുസൃതമായി കർഷകരിൽ നിന്ന് ഏറ്റെടുത്ത്, സംസ്ഥാനത്തെ ആധുനിക അരി മില്ലുകളിൽ സംസ്കരിച്ച്, പൊതുവിതരണ സംവിധാനത്തിലൂടെ വിതരണം ചെയ്യുന്നതിന് വിഭാവനം ചെയ്യുന്ന ഈ പദ്ധതിയിൽ നെല്ല് സംഭരണത്തിനായുള്ള അടിസ്ഥാന താങ്ങുവില കേന്ദ്രം നൽകുമ്പോൾ പ്രോത്സാഹന ബോണസാണ് ബഡ്ജറ്റ് വിഹിതമായി സപ്ലൈകോയ്ക്ക് നൽകിവരുന്നത്. ബഡ്ജറ്റ് പ്രസംഗത്തിൽ നെല്ല് സംഭരണത്തിനായി 700 കോടി രൂപ അനുവദിക്കുന്നതായി പ്രഖ്യാപിച്ചിട്ടുണ്ട്. (ഖണ്ഡിക -77). എന്നാൽ ഈ ഇനത്തിൽ 400 കോടി രൂപ മാത്രമാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. ഈ തുക അപര്യാപ്തമായതിനാൽ 300 കോടി രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സപ്ലൈകോ ആവശ്യപ്പെട്ടതനുസരിച്ച്, മേയ് 2017-ലെ ഒന്നാംവട്ട ഉപധനാഭ്യർത്ഥന മുഖാന്തിരം ഈ ശീർഷകത്തിൽ 125 കോടി രൂപ അധികമായി അനുവദിച്ചു കിട്ടി.

(ഭക്ഷ്യപൊതുവിതരണ വകുപ്പിന്റെ 3-1-2018-ലെ 1490874/സി2//17/ഭ.സി.സ.വ., നമ്പർ കത്ത്)

ഖണ്ഡിക നമ്പർ 22

2408-01-101-95-34—അന്ത്യോദയ അന്നയോജന പദ്ധതി നടപ്പിലാക്കുന്നതിന് വേണ്ട ഭക്ഷ്യധാന്യങ്ങൾ വിതരണത്തിനെത്തിക്കുന്നതിനുള്ള ട്രാൻസ്പോർട്ടേഷൻ ചെലവും, മറ്റ് ചെലവുകളും—മറ്റ് ചെലവുകൾ

അന്ത്യോദയ അന്നയോജന പദ്ധതി പ്രകാരം കേന്ദ്ര സർക്കാരിൽ നിന്നും പ്രതിമാസം ലഭിക്കുന്ന 20855 മെട്രിക് ടൺ ഭക്ഷ്യ ധാന്യങ്ങളുടെ വിതരണവുമായി ബന്ധപ്പെട്ടുള്ള കടത്തുകൂലി, കൈകാര്യച്ചെലവ് മുതലായവ വഹിക്കുന്നത് സംസ്ഥാന സർക്കാരാണ്. റേഷൻ മൊത്ത വ്യാപാരികളുടെ കമ്മീഷൻ 23-1-2016-ലെ ഉത്തരവ് പ്രകാരം ക്വിന്റലിന് പരമാവധി 60 രൂപയായും റേഷൻ ചില്ലറ വ്യാപാരികളുടെ കമ്മീഷൻ 1-1-2015-ലെ ഉത്തരവ് പ്രകാരം ക്വിന്റലിന് 100 രൂപയായും വർദ്ധിപ്പിച്ചിട്ടുള്ളതിനാൽ ഈ സാമ്പത്തിക വർഷം ആകെ 39.6 കോടി രൂപ കമ്മീഷൻ ഇനത്തിൽ മാത്രം നൽകേണ്ടതുണ്ട്. ഇതിനു പുറമെ 16.5 കോടി രൂപ മുൻ വർഷത്തെ കുടിശ്ശികയിനത്തിലും കമ്മീഷൻ തുകയിൽ വരുത്തിയ വർദ്ധനവ് പ്രകാരം റേഷൻ മൊത്ത വ്യാപാരികൾക്ക് നൽകുവാനുള്ള കുടിശ്ശിക

തുകയായ 4 കോടി രൂപയും ഉൾപ്പെടെ ആകെ 60.1 കോടി രൂപ എ. എ. വൈ. പദ്ധതിക്കായി ലഭിക്കേണ്ടതുണ്ട്. ഈ ചെലവുകൾ വഹിക്കുന്നതിന് ബഡ്ജറ്റിൽ നിലവിൽ വകയിരുത്തിയിട്ടുള്ള തുകയ്ക്ക് പുറമേ 30.1 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ഈ ശീർഷകത്തിൽ 30.1 കോടി രൂപ അധികമായി അനുവദിക്കണമെന്ന് 2017-18 സാമ്പത്തികവർഷത്തെ ഒന്നാംവട്ട ഉപധനാഭ്യർത്ഥന മുഖാന്തിരം ആവശ്യപ്പെട്ടിരുന്നു വെങ്കിലും തുകയൊന്നും അനുവദിച്ചില്ല.

(ഭക്ഷ്യപൊതുവിതരണ വകുപ്പിന്റെ 28-6-2017-ലെ ഡി1/75/2017/ഭ.സി.സ.വ. നമ്പർ കത്ത്)

ഖണ്ഡിക നമ്പർ 23

2408-01-102-99-33—കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ലിമിറ്റഡിലേക്ക് മാർക്കറ്റ് ഇന്റർവെൻഷൻ പ്രവർത്തനങ്ങൾക്കുള്ള ഗ്രാന്റ്—സബ്സിഡികൾ

പൊതു വിപണിയിലുണ്ടാകുന്ന വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി 13 ഇനം അവശ്യസാധനങ്ങൾ സർക്കാർ നിശ്ചയിക്കുന്ന സബ്സിഡി നിരക്കിൽ സപ്ലൈകോ വില്പനശാലകൾ വഴി വിതരണം ചെയ്തുവരുന്നു. അവശ്യസാധനങ്ങൾക്ക് പുറമേ മരുന്നുകൾ ഉൾപ്പെടെയുള്ള മറ്റ് ഉപഭോക്തൃ താല്പര്യ ഉല്പന്നങ്ങളും ഡിസ്കൗണ്ട് നിരക്കിൽ വിതരണം ചെയ്യുന്നു. കമ്പോള വില നിയന്ത്രിക്കുന്നതിൽ വലിയ പങ്ക് നിർവ്വഹിക്കുന്ന സപ്ലൈകോയുടെ ഇത്തരം വിപണി ഇടപെടൽ പ്രവർത്തനങ്ങൾക്ക് ധനസഹായം നൽകുന്നതിനായി ഈ സാമ്പത്തിക വർഷം ബഡ്ജറ്റ് വിഹിതമായി 150 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ സപ്ലൈകോയുടെ വില്പനശാലകളിൽ നിർണ്ണയിക്കപ്പെട്ട ഇനങ്ങൾക്ക് നിലവിലുള്ള വിലകളിൽ വർദ്ധന വരുത്തുന്നതല്ലെന്ന് പ്രഖ്യാപിച്ചിട്ടുള്ള സാഹചര്യത്തിൽ ഈ സാമ്പത്തിക വർഷം വിപണിയിടപെടൽ പദ്ധതിക്കായി സപ്ലൈകോയ്ക്ക് 522.12 കോടി രൂപ ആവശ്യമായി വരും. കൂടാതെ സംസ്ഥാനത്തെ റേഷൻ കടകൾ വഴി റേഷൻ പഞ്ചസാര മൊത്ത വിതരണം നടത്തുന്നതിന് സർക്കാരിന്റെ ഏജൻസിയായി പ്രവർത്തിക്കുന്ന സപ്ലൈകോയ്ക്ക് കേന്ദ്ര സബ്സിഡി ഇനത്തിലും റേഷൻ വ്യാപാരികളിൽ നിന്നും ലഭിക്കുന്ന തുകയും കിഴിച്ച് അധികമായി വരുന്ന സാമ്പത്തിക ബാധ്യതയ്ക്കായി 158.5 കോടി രൂപയും ആവശ്യമായി വരും. ഇപ്രകാരം ആകെ 680.62 കോടി രൂപ ലഭിച്ചാൽ മാത്രമേ വിപണിയിടപെടൽ പ്രവർത്തനങ്ങൾ വിജയകരമാക്കാൻ സാധിക്കുകയുള്ളൂവെന്ന് സമിതി വിലയിരുത്തി. പൊതു കമ്പോളത്തിൽ ഫലപ്രദമായി ഇടപെടുന്നതിനുള്ള ധനസഹായമായി സിവിൽ സപ്ലൈസ് കോർപ്പറേഷൻ 200 കോടി രൂപ അനുവദിക്കുന്നതായി ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുള്ള (ഖണ്ഡിക 77) സാഹചര്യത്തിൽ നിലവിലെ ബഡ്ജറ്റ് വിഹിതത്തിനു പുറമേ 530.62 കോടി രൂപ ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

ഈ ശീർഷകത്തിൽ 530.62 കോടി രൂപ അധികമായി അനുവദിക്കണമെന്ന ശിപാർശ 2017-18 സാമ്പത്തിക വർഷത്തെ ഒന്നാം വട്ട ഉപധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്തുകയും മെയ് 2017-ലെ ഒന്നാം വട്ട ഉപധനാഭ്യർത്ഥന മുഖാന്തിരം ഈ ശീർഷകത്തിൽ 50 കോടി രൂപ കൂടി അധികമായി അനുവദിച്ച് നൽകിയിട്ടുണ്ട്.

(ഭക്ഷ്യപൊതുവിതരണ വകുപ്പിന്റെ 3-1-2018-ലെ 1490874/സി2/2017/ഭ.സി.സ.വ. നമ്പർ കത്ത്)

<u>ഖണ്ഡിക നമ്പർ 24</u>

2408-01-800-89—<u>ഉപഭോക്തൃ ബോധവൽക്കരണ പരിപാടി</u>

സംസ്ഥാനത്തെ ഉപഭോക്തൃ ബോധവൽക്കരണ പ്രവർത്തനങ്ങൾക്കായി 30-3-2016-ലെ നമ്പർ K-22/1/2015-pub. പ്രകാരം കേന്ദ്ര സർക്കാർ അനുവദിച്ച് 29,47,484 രൂപയിൽ നിന്നും കഴിഞ്ഞ സാമ്പത്തിക വർഷം 5,25,000 രൂപ അനുവദിച്ച് നൽകിയിരുന്നു. ടി ശീർഷകത്തിൽ ശേഷിച്ച തുകയായ 24,22,484 രൂപ ഈ സാമ്പത്തിക വർഷത്തിൽ അനുവദിച്ച് നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

കേന്ദ്ര സർക്കാർ ഉപഭോക്തൃബോധവൽക്കരണ പ്രവർത്തനങ്ങൾക്കായി അനുവദിച്ച തുകയിൽ ചെലവഴിക്കാൻ അവശേഷിച്ച തുകയായ 24,22,484 രൂപ അനുവദിച്ച് നൽകണമെന്ന ശിപാർശ പ്രകാരം ടി തുക ചെലവഴിക്കുന്നതിന് 15-5-2017-ലെ ജി. ഒ. (ആർറ്റി.) നമ്പർ 163/17/ഉ.കാ.വ. നമ്പർ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്.

(ഉപഭോക്തൃകാര്യ വകുപ്പിന്റെ 25-7-2017-ലെ സിഎ 2/78/2017/ഉ.കാ.വ. നമ്പർ കത്ത്)

<u>ഖണ്ഡിക നമ്പർ 25</u>

3456-00-001-78—<u>ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം നടപ്പിലാക്കുന്നതിനുള്ള സഹായം (സംസ്ഥാന പദ്ധതി)</u>

ദേശീയ ഭക്ഷ്യസുരക്ഷാ നിയമം നടപ്പിലാക്കുന്നതിനായി ഈ വർഷം ബഡ്ജറ്റിൽ വകയിരുത്തിയ 94.5 കോടി രൂപയിൽ ഡിപ്പാർട്ട്മെന്റിന്റെ നവീകരണത്തിനും കമ്പ്യൂട്ടറൈസേഷനുമായി വകയിരുത്തിയിട്ടുള്ള 10 കോടി രൂപ കഴിഞ്ഞ് ബാക്കി 84.5 കോടി രൂപയാണ് ഭക്ഷ്യ ധാന്യവിതരണവുമായി ബന്ധപ്പെട്ട് അടിസ്ഥാന സൗകര്യം സ്ഥാപിക്കുന്നതിനുള്ള സഹായധനമായി സപ്ലൈകോയ്ക്ക് ലഭ്യമായിട്ടുള്ളത്. എല്ലാ റേഷൻ കാർഡ് ഉടമകൾക്കും ആധാർ കാർഡുമായി ബന്ധപ്പെടുത്തിയ സ്മാർട്ട് കാർഡുകൾ നൽകുന്ന പ്രവർത്തനങ്ങൾക്കായി 80 കോടി രൂപ ആവശ്യമായി വരുമെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ നിലവിൽ വകയിരുത്തിയിട്ടുള്ള തുകയ്ക്ക് പുറമേ 80 കോടി രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

നിലവിലുള്ള ബുക്ക് രൂപത്തിലുള്ള റേഷൻ കാർഡിന് പകരം ആധാർ കാർഡുമായി ബന്ധപ്പെടുത്തിയ സ്മാർട്ട് കാർഡുകൾ നൽകുന്നതിന് വിഭാവനം ചെയ്തിരുന്നു. ഇത് സംബന്ധിച്ച് നയപരമായ തീരുമാനം ഉണ്ടാകുന്ന മുറയ്ക്ക് അധികം ആവശ്യമായ തുക ആവശ്യപ്പെടുന്നതാണെന്ന് ബോധിപ്പിക്കുന്നു.

(ഭക്ഷ്യപൊതുവിതരണ വകുപ്പിന്റെ 24-8-2017-ലെ 1490874/ബി3/17/ഭ.സി.സ.വ. നമ്പർ കത്ത്)

ഖണ്ഡിക നമ്പർ 26

4408-01-101-95—റേഷൻ കാർഡ് പുതുക്കൽ

ദേശീയ ഭക്ഷ്യസുരക്ഷാ നിയമം 2013, സംസ്ഥാനത്ത് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് നിലവിലുള്ള റേഷൻ കാർഡുകൾ പുതുക്കുന്നതിനായി 31-3-2016-ലെ സ. ഉ. (കൈ.)നമ്പർ 05/2016/ഭ.പൊ.വി.വ. പ്രകാരം 61.6 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകിയിരുന്നു. ഇതിൽ 33 കോടി രൂപ 2014-15, 2015-16 സാമ്പത്തിക വർഷങ്ങളിലായും 12.4542 കോടി രൂപ 2016-17 സാമ്പത്തിക വർഷത്തിലും അനുവദിച്ചിരുന്നു. ശേഷിക്കുന്ന 16.1458 കോടി രൂപ ഈ ഇനത്തിൽ വകുപ്പിന് ലഭിക്കാനുള്ള സാഹചര്യത്തിൽ ഈ ശീർഷകത്തിൽ നിലവിൽ വകയിരുത്തിയിട്ടുള്ള തുകയ്ക്ക് പുറമേ 15.1458 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ഈ ശീർഷകത്തിൽ 16.80 കോടി രൂപ അധികമായി അനുവദിക്കണമെന്ന ശിപാർശ 2017-18 സാമ്പത്തിക വർഷത്തെ ഒന്നാം വട്ട ഉപധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്തുന്നതിന് ഫിനാൻസ് (ബഡ്ജറ്റ്-ജി) വകുപ്പിന് സമർപ്പിക്കുകയും മേയ് 2017-ലെ ഒന്നാംവട്ട ഉപധനാഭ്യർത്ഥന മുഖാന്തിരം 10 കോടി രൂപ കൂടി അധികമായി അനുവദിച്ച് കിട്ടുകയും ചെയ്തു.

(ഭക്ഷ്യപൊതുവിതരണ വകുപ്പിന്റെ 24-8-2017-ലെ 1490874/ബി3/17/ഭ.സി.സ.വ. നമ്പർ കത്ത്)

ഖണ്ഡിക നമ്പർ 27

4408-02-101-99—ദേശീയ ഭക്ഷ്യസുരക്ഷാനിയമം നടപ്പിലാക്കുന്നതിനുള്ള സഹായം (സംസ്ഥാന പദ്ധതി)

ദേശീയ ഭക്ഷ്യസുരക്ഷാ നിയമം സംസ്ഥാനത്ത് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് സപ്ലൈകോയുടെ ഉടമസ്ഥതയിലുള്ള വലിയതുറ (തിരുവനന്തപുരം), കൊല്ലം, തിരുവല്ല കിൻഫ്രയുടെ ഉടമസ്ഥതയിലുള്ള നാട്ടുകാണി, കെ. എസ്. ഐ. ഡി. സി. യുടെ ഉടമസ്ഥതയിലുള്ള

വലിയവെളിച്ചം, കിനാലൂർ എന്നിവിടങ്ങളിൽ ഗോഡൗണുകൾ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നു ഇതിൽ സപ്ലൈകോയുടെ ഉടമസ്ഥതയിലുള്ള വലിയതുറ ഗോഡൗൺ നിർമ്മാണത്തിന് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള ടെൻഡർ നടപടികൾ ആരംഭിക്കുകയുമുണ്ടായി കൊല്ലം, തിരുവല്ല ഗോഡൗണുകളുടെ ഭരണാനുമതിയ്ക്കുള്ള നടപടികൾ തുടർന്നു വരുന്നു. ഇതോടൊപ്പം നാട്ടുകാണി, വലിയവെളിച്ചം, കിനാലൂർ എന്നിവിടങ്ങളിൽ ഗോഡൗൺ നിർമ്മാണത്തിനായി സ്ഥലം സപ്ലൈകോയ്ക്ക് ലഭ്യമാക്കുകയോ അല്ലെങ്കിൽ വാടകയ്ക്ക് എടുക്കാൻ അനുവദിക്കുകയോ ചെയ്യണമെന്നുള്ള പ്രൊപ്പോസലും സർക്കാരിന്റെ പരിഗണനയിലുണ്ട് എഫ്. സി. ഐ.യുടെ സയന്റിഫിക് സ്റ്റോറേജ് പ്രിൻസിപ്പിൾസ് അനുസരിച്ച് 5 കോടി രൂപയാണ് ഒരു ഗോഡൗൺ നിർമ്മിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തുക ഇപ്രകാരം മേൽപ്പറഞ്ഞ ആറ് ഗോഡൗണുകൾ നിർമ്മിക്കുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 10 കോടി രൂപ കൂടി ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

മേൽ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള 20 കോടി രൂപ ചിലവാകുന്ന മുറയ്ക്ക് ബാക്കി 10 കോടി രൂപ കൂടി ഉപധനാഭ്യർത്ഥന വഴി ആവശ്യപ്പെടുന്നതാണ്.

(ഭക്ഷ്യപൊതുവിതരണ വകുപ്പിന്റെ 3-1-2018-ലെ 1490874/സി2/17/ഭ.സി.സ.വ. നമ്പർ കത്ത്)

കടകംപള്ളി സുരേന്ദ്രൻ,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി - XI.*

തിരുവനന്തപുരം,
2018 ജൂൺ 11.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2018

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.